**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- മുൻ ആലത്തുർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.ശ്യാം പ്രസാദ് എസ്. (റിട്ട.), ആലത്തുർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ മുൻ സീനിയർ സൂപ്രണ്ട് ശ്രീ.സുരേഷ് എം., മുൻ ക്ലാർക്ക് ശ്രീ.വിഷ്ണുപ്രസാദ് കെ.ജി., ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. രാജൻ ഇ., സീനിയർ ക്ലാർക്ക് ശ്രീ. ജോജു.പി. എൽ. എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി എ) വകുപ്പ്**

**G.O.(Rt)No.4292/2026/GEDN** തീയതി,തിരുവനന്തപുരം, **30-06-2026**

---

പരാമർശം:-

1. പാലക്കാട് വടക്കേപൊറ്റ എ.യു.പി.സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ മാനജർ സമർപ്പിച്ച **05/08/2022**ലെ റിവിഷൻ ഹർജി
2. **09/12/2022**ലെ ബി**3/229/2022/**പൊ. വി. വ. നമ്പർ സർക്കാർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള **18/10/2023**ലെ വിഎ**(3)/677006/2022/**ഡിജിഇ നമ്പർ അന്വേഷണ റിപ്പോർട്ട്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **11/12/2024**ലെ വിഎ**5/6598/2024/**ഡിജിഇ നമ്പർ കത്ത്
5. **17/05/2025**ലെ **GE-DA1/190/2024-G.EDN** നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
6. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദപത്രികകൾ
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **26/08/2025**ലെ വിഎ**5/6598/2024/**ഡിജിഇ നമ്പർ കത്ത്
8. **14/10/2025**ലെ സ. ഉ. (സാധാ) നം. **8431/2025/GEDN** നമ്പർ ഉത്തരവ്
9. **16/10/2025**ലെ സ. ഉ. (സാധാ) നം. **8519/2025/GEDN** നമ്പർ ഉത്തരവ്

10. 12/12/2025ലെ GE-DA1/190/2024-G.EDN നമ്പർ സർക്കാർ കത്ത്

11. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/04/2026ലെ വിഎ5/6598/2024/ഡിജിഇ നമ്പർ കത്ത്

12. പാലക്കാട് വടക്കേപൊറ്റ എ.യു.പി.സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ മാനജർ സമർപ്പിച്ച 13/01/2025ലെ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് വടക്കേപൊറ്റ എ.യു.പി.സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി ശ്രീജ സി. ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. 24206/21-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 05/11/2021-ലെ വിധിന്യായം നടപ്പിലാക്കി 26/03/2022 തീയതിയായി സ.ഉ.(സാധാ) നം.2069/2022/പൊവിവ പുറപ്പെടുവിച്ചിട്ടും, ആയത് നടപ്പിലാക്കാതെ വീണ്ടും തെറ്റായ റിപ്പോർട്ട് സർക്കാരിൽ നൽകുകയും, ആയത് പരിഗണിച്ച് സർക്കാർ ടി ഉത്തരവ് തിരുത്തി 11/07/2022 തീയതിയിലെ സ.ഉ.(സാധാ)നം.4017/2022/പൊവിവ. പുറപ്പെടുവിക്കുന്നതിന് കാരണമായെന്നും, ആയതിനാൽ ടി തെറ്റായ റിപ്പോർട്ട് സർക്കാരിൽ നൽകിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കണമെന്നും, 26/03/2022 തീയതിയിലെ ഉത്തരവ് നടപ്പിലാക്കാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ട് ടി സ്കൂൾ മാനേജർ സർക്കാർ മുമ്പാകെ പരാമർശം (1) പ്രകാരമുള്ള പുനഃപരിശോധനാ ഹർജി സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പുനഃപരിശോധനാ ഹർജിയിന്മേൽ വ്യക്തമായ അന്വേഷണം നടത്തി 26/03/2022 തീയതിയായി സ.ഉ.(സാധാ) നം.2069/2022/പൊവിവ പ്രകാരം ശരിയായ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ആയത് നടപ്പിലാക്കാതെ വീണ്ടും തെറ്റായ റിപ്പോർട്ട് സർക്കാരിൽ നൽകി സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചെന്ന് ബോധ്യമാകുന്ന പക്ഷം, ആയതിന് ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, ഉപജില്ലാ വിദ്യാഭ്യസ ഓഫീസർ എന്നിവർക്കെതിരെ കഠിന ശിക്ഷക്കുള്ള അച്ചടക്കനടപടി സ്വീകരിച്ച് , വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യാനും, 11/07/2022 തീയതിയിലെ സ.ഉ.(സാധാ)നം.4017/2022/പൊവിവ-ഉത്തരവിൽ മാറ്റം വരുത്തണമെങ്കിൽ ആയതിനുള്ള വ്യക്തമായ ശിപാർശ സർക്കാരിൽ സമർപ്പിക്കാനും പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

3.മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ ജോയിന്റ് കമ്മീഷണർ ഡോ.ഗിരീഷ് ചോലയിൽ അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (3) റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തസ്തികയുടെ ലഭ്യത സംബന്ധിച്ചതുൾപ്പെടെയുള്ള വിഷയങ്ങളിൽ കടക വിരുദ്ധമായി

റിപ്പോർട്ടുകൾ സർക്കാരിനു നൽകുവാൻ കാരണക്കാരായ മുഴുവൻ ഉദ്യോഗസ്ഥർക്കെതിരെയും, ഹിയറിംഗ് സമയത്ത് ഓഫീസിന്റെ ഭാഗം വിശദീകരിക്കുവാൻ കഴിയാതെ പോയ സാഹചര്യം ഉണ്ടാക്കിയ മുഴുവൻ ജീവനക്കാർക്കെതിരെയും ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരുന്നു.

4.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഔദ്യോഗിക കൃത്യനിർവഹണത്തിൽ അലംഭാവം കാണിച്ച ശ്രീ.ശ്യാം പ്രസാദ് എസ്., മുൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, (പ്രധാനാധ്യാപകൻ,ജിഎച്ച്എസ്, ചിറ്റൂർ (വിരമിക്കൽ തിയതി 31/05/2025) ശ്രീ.സുരേഷ് എം., സീനിയർ സൂപ്രണ്ട്, (നിലവിൽ സീനിയർ സൂപ്രണ്ട്, എഇഒ പാലക്കാട്, വിരമിക്കൽ തിയതി 31/05/2027) ,ശ്രീ.വിഷ്ണുപ്രസാദ് കെ ജി., ക്ലാർക്ക്, (നിലവിൽ ക്ലാർക്ക്, എഇഒ ഷൊർണ്ണൂർ, വിരമിക്കൽ തിയതി 31/05/2054) ശ്രീ.രാജൻ ഇ., പ്രധാനാധ്യാപകൻ, ജിഎച്ച്എസ് ചെർപ്പുളശ്ശേരി, (നിലവിൽ എഇഒ, ചെർപ്പുളശ്ശേരി, വിരമിക്കൽ തിയതി 31/05/2032) ശ്രീ.ഉദയൻ.സി.കെ., സീനിയർ സൂപ്രണ്ട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പറളി, (വിരമിക്കൽ തിയതി 31/03/2031) ശ്രീ.ജോജു.പി.എൽ., നൂൺ മീൽ ഓഫീസർ, ഉപജില്ലാ ഓഫീസ്, ചാത്തന്നൂർ (നിലവിൽ എൻഎംഒ, എഇഒ, ആലത്തൂർ, വിരമിക്കൽ തിയതി 30/04/2030 ) എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുവാൻ തീരുമാനമെടുത്ത് കുറ്റപത്രവും കുറ്റാരോപണ പത്രികയും പരാമർശം (5) പ്രകാരം നൽകിയിരുന്നു. ഇതിന് മേൽ ഉദ്യോഗസ്ഥർ പരാമർശം (6) പ്രകാരം പ്രതിവാദപത്രികകൾ സമർപ്പിച്ചിരുന്നു.

5. മേൽ പ്രതിവാദപത്രികകളിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (7) പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ.ശ്യാം പ്രസാദ് എസ്., ക്ലാർക്കായിരുന്ന ശ്രീ.വിഷ്ണപ്രസാദ് കെ ജി., സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുരേഷ് എം., എന്നിവർ സർക്കാർ ഉത്തരവിനെ ധിക്കരിച്ചിട്ടില്ലെന്നതിനാൽ ടിയാളുകളുടെ മറുപടി അനുഭാവ പൂർവ്വം പരിഗണിക്കാവുന്നതാണെന്നും, സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ഉദയൻ സി കെ., പരീക്ഷാ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണത്തിൽ ഹാജരായതായി ഹാജർ പട്ടിക പരിശോധിച്ചതിൽ നിന്നും വ്യക്തമാണെന്നും, എന്നാൽ പ്രധാനാധ്യാപകനായിരുന്ന ശ്രീ.രാജൻ ഇ., നൂൺ മീൽ ഓഫീസറായിരുന്ന ശ്രീ.ജോജു വിഎൽ. എന്നിവരുടെ വിശദീകരണം പരിഗണനാർഹമല്ലെന്നും അറിയിച്ചിരുന്നു.

6.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ. ഉദയൻ സി. കെ., പരീക്ഷാ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണത്തിൽ ഹാജരായതായി ഹാജർ പരിശോധിച്ചതിൽ നിന്നും

വ്യക്തമായ സാഹചര്യത്തിൽ ടിയാനെതിരെ **1960**-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ഒഴിവാക്കി തീർപ്പാക്കിക്കൊണ്ടു പരാമർശം **(8)** പ്രകാരം ഉത്തരവായിരുന്നു.

**7.** ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുരേഷ് എം., ക്ലാർക്കായിരുന്ന ശ്രീ.വിഷ്ണുപ്രസാദ്.കെ.ജി, ജിഎച്ച്എസ് ചെർപ്പുളശ്ശേരിയിലെ പ്രധാനാധ്യാപകനായിരുന്ന ശ്രീ.രാജൻ ഇ., നൂൺ മീൽ ഓഫീസറായിരുന്ന ശ്രീ.ജോജു.വി.എൽ. എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകളിലെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാലും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും **1960**-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡിഡിഇ (ക്യൂഐപി **4**) ശ്രീമതി റംലത്ത് കെ. കെ.യെ ചുമതലപ്പെടുത്തി പരാമർശം **(9)** പ്രകാരം ഉത്തരവായിരുന്നു.

**8.** ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ. ശ്യാം പ്രസാദ് എസ്. **31/05/2025** ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാൾക്കെതിരെ **1960**-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം **15** പ്രകാരം അരംഭിച്ച അച്ചടക്ക നടപടി കെ.എസ്.ആർ. ഭാഗം **111** ചട്ടം **3**(എ) പ്രകാരം തുടരുന്നതിന്റെ ഭാഗമായി പരാമർശം **(9)** പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിൽ ശ്രീ.ശ്യാം പ്രസാദ് എസ്.നെ കൂടി ഉൾപ്പെടുത്തി പ്രസ്തുത അന്വേഷണം **1960** ലെ കെസിഎസ് (സിസി&എ) ചട്ടം **17** പ്രകാരമുള്ള ജോയിൻറ് എൻക്വയറിയായി നടത്തി അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം **(10)** പ്രകാരം നിർദ്ദേശം നല്കിയിരുന്നു.

**9.**പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(11)** പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പ്രകാരം സ.ഉ.(സാധാ) **2069/2022**/പൊ.വി.വ തീയതി **26/03/2022**, സ.ഉ.(സാധാ) **4017/2022**/പൊ.വി.വ തീയതി **11/07/2022** എന്നീ സർക്കാർ ഉത്തരവുകളിൽ പ്രധാനാധ്യാപിക ഉൾപ്പെടെ **9** യു.പി.എസ്.ടി തസ്തികകളാണ് പരമാർശിച്ചിട്ടുള്ളതെന്നും, ആയത് തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം ശരിയുമാണെന്നും, അപ്രകാരമാണ് നിയമനങ്ങൾ പരിഗണിച്ചിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്. **2016-17** അധ്യയന വർഷം ശ്രീമതി.ശ്രീജ.സി. (ബി.എഡ്. ഹോൾഡർ) യു.പി.എസ്.ടി ആയി ശ്രീമതി.കെ.ആർ.രമണി വിരമിച്ച ഒഴിവിൽ **23.06.2016** മുതൽ നിയമിച്ച് മാനേജർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധ്യയന വർഷം വിദ്യാർത്ഥികളുടെ കുറവ് മൂലം ഒരു യു.പി.എസ്.ടി. തസ്തിക നഷ്ടമായതിനെ തുടർന്ന് ശ്രീമതി.സി. ശ്രീജയുടെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ യു.പി.എസ്.ടി തസ്തിക ലഭ്യമല്ലായിരുന്നുവെന്നും, ഈ വിഷയത്തിൽ തെറ്റായ റിപ്പോർട്ടുകൾ ഒന്നും

തന്നെ സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല എന്നത് മേൽ കാര്യാലയത്തിലെ **01.07.2022**ലെ സി/**2274/2019**-ലെ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നുവെന്നും, ടി. ടി. സി. യോഗ്യതയുള്ള എസ്.ജി.ആശ എന്ന അധ്യാപിക എൽ.പി. വിഭാഗത്തിൽ നിന്നും പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ച വ്യക്തിയാണെന്നും, അവരെ കെ.ഇ.ആർ അധ്യായം **XXIII RULE 5(ii)** വ്യവസ്ഥ പ്രകാരം യുപി വിഭാഗത്തിലാണ് ഉൾപ്പെടുത്തി കണക്കാക്കിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യം നിലനിലനിന്നിരുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **13.06.2024**ലെ ഉത്തരവ് നമ്പർ ആർ.എ.**1/13826/2022** പുറപ്പെടുവിക്കുന്നതുവരെ മാത്രമായിരുന്നുവെന്നും, ഈ ഉത്തരവ് പ്രകാരം എൽ.പി. വിഭാഗത്തിൽ നിന്നും പ്രധാനാധ്യാപിക ആയി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി.എസ്.ജി.ആശയെ എൽ.പി.എസ്.ടി. ആയി **2016-17** മുതൽ ക്രമപ്പെടുത്തിയ സാഹചര്യത്തിലാണ് യു.പി.വിഭാഗത്തിൽ ഒഴിവ് വരുന്നതും ശ്രീമതി. ശ്രീജയ്ക്ക് യു.പി.എസ്.ടി. തസ്തികയിൽ നിലനിൽക്കാൻ തസ്തിക ലഭ്യമാവുന്നതും എന്നു അറിയിച്ചിട്ടുണ്ടെന്നും, തുടർന്ന് സർക്കാർ ഈ കാര്യം വിശദമായി പരിശോധിക്കുകയും **07.02.2025** ലെ സ. ഉ. (സാധാ) **1089/2025**/പൊ.വി.വ പ്രകാരം നിയമനങ്ങൾ പുനഃപരിശോധിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ ഉത്തരവിന് വിധേയമായി ശ്രീമതി. ശ്രീജയുടെ നിയമനം **19.03.2025** ലെ സി/**26455/2022** ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

**10.** പരാതിക്കാധാരമായ അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിച്ചതായും, പരാതി പിൻവലിക്കുന്നതായും, കുറ്റാരോപിതരിൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ മുൻ സൂപ്രണ്ട് ശ്രീ. സുരേഷിനെതിരെ യാതൊരു പരാതിയും താൻ ഉന്നയിച്ചിരുന്നില്ലെന്നും, പരാതിക്കാരനായ മാനേജർ എ. യു. പി. എസ്. വടക്കപ്പൊറ്റ പരാമർശം **(12)** പ്രകാരം അറിയിച്ചിട്ടുണ്ട്.

**11.** സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. കടക വിരുദ്ധമായ റിപ്പോർട്ടുകൾ സമർപ്പിച്ച് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചുവെന്നും ഇതു മൂലം ഒരിക്കൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് തിരുത്തി വീണ്ടും പുറപ്പെടുവിക്കേണ്ടി വന്നുവെന്നുമാണ് ശ്രീ.ശ്യാം പ്രസാദ് എസ്. (മുൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ), ശ്രീ.സുരേഷ് എം. (സീനിയർ സൂപ്രണ്ട്), ശ്രീ.വിഷ്ണുപ്രസാദ് കെ ജി. (ക്ലാർക്ക്) എന്നിവർക്കെതിരെയുള്ള കുറ്റപത്രത്തിലെ ചാർജ്ജ്. പാലക്കാട് വടക്കേപൊറ്റ എ.യു.പി.സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ മാനേജരുടെ പരാതിയ്ക്ക് ആധാരമായ സാഹചര്യം പരിശോധിച്ചതിൽ കുറ്റാരോപിതർ സർക്കാരിലേയ്ക്ക് തെറ്റായ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്നു അന്വേഷണ ഉദ്യോഗസ്ഥ കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് ധിക്കരിച്ചിട്ടില്ലെന്നും വസ്തുതാപരമായ അപാകതകൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് തങ്ങൾ ചെയ്തിട്ടുള്ളതെന്നുമുള്ള മേൽ ഉദ്യോഗസ്ഥരുടെ പ്രതിവാദ പത്രികയിലെ വാദം അനുഭാവ പൂർവ്വം പരിഗണിക്കാവുന്നതാണെന്നു

പൊതുവിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

**12.** പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായുള്ള ഹിയറിംഗിൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്തില്ലെന്നും, ടി വിവരം അന്വേഷണ ഉദ്യോഗസ്ഥനെ അറിയിച്ചില്ലെന്നുമാണ് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ. രാജൻ ഇ.-യ്ക്കെതിരെയുള്ള ചാർജ്ജ്. ടി ഹിയറിംഗിൽ ഹാജരായില്ലെന്നും, ടി വിവരം അന്വേഷണ ഉദ്യോഗസ്ഥനെ അറിയിച്ചില്ലെന്നുമാണ് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.ജോജു പി. എൽ.-നെതിരെ ആരോപിച്ചിരുന്ന ചാർജ്ജെന്നു കാണുന്നു. ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടിയാളുകൾക്കെതിരെയുള്ള ചാർജ്ജ് സംബന്ധിച്ച് പരാമർശം ഒന്നും തന്നെയില്ലെന്നു കാണുന്നു. ശ്രീ. രാജൻ ഇ.-യുടെ പ്രതിവാദ പത്രിക പ്രകാരം ഹിയറിംഗ് നടന്ന **05/05/2023**നു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്ന നിലയിൽ ഒരു ഔദ്യോഗിക മീറ്റിംഗിൽ പങ്കെടുക്കേണ്ടതുണ്ടായിരുന്നതിനാൽ സീനിയർ സൂപ്രണ്ടിനെയും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനെയും ചുമതലപ്പെടുത്തിയരുന്നതായാണ് അറിയിച്ചിട്ടുള്ളത്. ശ്രീ. ജോജു പി. എൽ- ന്റെ പ്രതിവാദപത്രിക പരിശോധിച്ചതിൽ വ്യക്തിപരമായ കാരണങ്ങളാലാണ് ടിയാൾക്ക് ഹാജരാകുവാൻ സാധിക്കാഞ്ഞതെന്നും, ടി വിവരം സീനിയർ സൂപ്രണ്ടിനെ അറിയിച്ചിരുന്നുവെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളതെന്നു കാണുന്നു. ജോയിന്റ് കമ്മീഷണറുടെ ഹിയറിംഗ് വേളയിൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥർ ആരും തന്നെ ഹാജരായിരുന്നില്ല എന്നാണ് കാണുന്നത്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഔദ്യോഗിക കാരണങ്ങളാൽ ഹാജരാകുവാൻ സാധിച്ചില്ലെങ്കിലും അതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ കൃത്യമായി ഹാജരായി ഓഫീസിന്റെ ഭാഗം ബോധിപ്പിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തേണ്ട ചുമതല ഓഫീസ് മേലധികാരി എന്ന നിലയ്ക്ക് ശ്രീ. രാജൻ ഇ.-യ്ക്ക് ഉണ്ടായിരുന്നു. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥന്റെ ഫോൺ നമ്പറില്ലാഞ്ഞതിനാലാണ് ടി വിവരം അറിയിക്കുവാൻ സാധിക്കാതെ വന്നതെന്ന സീനിയർ ക്ലാർക്ക് ശ്രീ. ജോജു പി. എൽ.-ന്റെ വാദം അംഗീകരിക്കാനാവില്ല. ടി വിഷയത്തിൽ മേൽ ഉദ്യോഗസ്ഥർക്ക് വീഴ്ച്ച സംഭവിച്ചിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്.

**13.** മേൽ സാഹചര്യത്തിൽ ശ്രീ.ശ്യാം പ്രസാദ് എസ്. (മുൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ), ശ്രീ.സുരേഷ് എം. (സീനിയർ സൂപ്രണ്ട്), ശ്രീ.വിഷ്ണുപ്രസാദ്.കെ.ജി. (ക്ലാർക്ക്) എന്നിവർക്കെതിരെയുള്ള കുറ്റപത്രത്തിൽ ആരോപിക്കും പ്രകാരം തെറ്റായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ലെന്ന ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, അച്ചടക്കനടപടിക്കാധാരമായ പരാതി പിൻവലിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിലും

i).ശ്രീ.ശ്യാം പ്രസാദ് എസ്. (മുൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ)- നെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം അരംഭിച്ച് കെ.എസ്.ആർ. ഭാഗം III ചട്ടം 3(എ) പ്രകാരം തുടർന്നു വരുന്നതും, ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുരേഷ്.എം., ക്ലാർക്കായിരുന്ന ശ്രീ.വിഷ്ണപ്രസാദ്.കെ.ജി, എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം തുടർന്നു വരുന്നതുമായ അച്ചടക്കനടപടി ഒഴിവാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ii).പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ നടത്തിയ ഹിയറിംഗിൽ ഹാജരാകാതെ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ഭാഗം വിശദീകരിക്കുവാൻ കഴിയാതെ പോയ സാഹചര്യം സംജാതമാകുന്നതിനു കാരണക്കാരായ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ. രാജൻ ഇ., സീനിയർ ക്ലാർക്കായിരുന്ന ശ്രീ.ജോജു പി. എൽ. എന്നിവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വരുത്തിയ വീഴ്ച്ച കണക്കിലെടുത്ത് ടിയാളുകൾക്കെതിരെ 1960-ലെ കെ.സി.എസ്. (സി സി &എ) ചട്ടം 15 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി 1960-ലെ കെ.സി.എസ്. (സി സി &എ) ചട്ടം 11(1) പ്രകാരം സെൻഷ്വർ നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

**DEPUTY SECRETARY**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.ശ്യാം പ്രസാദ് എസ്. (മുൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ശ്രീ.സുരേഷ് എം. (മുൻ സീനിയർ സൂപ്രണ്ട്, ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ശ്രീ.വിഷ്ണപ്രസാദ്.കെ.ജി. (മുൻ ക്ലാർക്ക്, ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ശ്രീ. രാജൻ ഇ. (ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ശ്രീ.ജോജു പി. എൽ. (സീനിയർ ക്ലാർക്ക്, ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ/പറളി, പാലക്കാട്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ (ഫയൽ നം.പൊവി-ഡിഎ1/190/2024/പൊവിവ.)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 30-06-2026 16:03:48

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്